**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1669** **16-10-2026-ൽ മറുപടിയ്ക്ക്**

**ആലുവ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അൻവർ സാദത്ത് ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** അങ്കമാലി-വാപ്പലശ്ശേരി-എയർപോർട്ട്-ആവണംകോട്-പറമ്പയം വഴി ആലുവയിലേയ്ക്കുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനാരാരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**മറുപടി:** പ്രസ്തുത റൂട്ടിൽ സർവീസ് ക്രമീകരിക്കണമെന്ന എം.എൽ.എ.യുടെ കത്ത് ലഭിച്ചിട്ടുണ്ട്. ആയത് യൂണിറ്റ് തലത്തിൽ സാധ്യതാപഠനം നടത്തുന്നതിനും നിലവിൽ ടി റൂട്ടിലെ സ്വകാര്യ ബസ് ഉൾപ്പെടെയുള്ള പൊതുഗതാഗത സൗകര്യം, സമയക്രമം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുമായി നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** യാത്രാക്ലേശം ദൂരീകരിക്കുന്നതിനായി അങ്കമാലി-പാറപ്പുറം-വല്ലംകടവ് സർവ്വീസ് അങ്കമാലി-പാറപ്പുറം-വല്ലംകടവ്-വല്ലം കവല സർവ്വീസ് ആക്കി നീട്ടുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**മറുപടി:** അങ്കമാലി-പാറപ്പുറം-വല്ലംകടവ് സർവ്വീസ് വല്ലംകവല സർവീസ് ആക്കി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച എം.എൽ.എ.യുടെ കത്ത് ലഭ്യമായിട്ടുണ്ട്. ആയത് സാധ്യതാപഠനം നടത്തിയിട്ടുണ്ട്.

**(ഡി)** ആലുവ–കോമ്പാറ–തേവയ്ക്കൽ വഴി കാക്കനാടേയ്ക്കുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

**മറുപടി:** ആലുവ - കോമ്പാറ - മെഡിക്കൽകോളേജ് - കാക്കനാട് ആയി സർവ്വീസ് കെ.എസ്.ആർ.ടി.സി. ആലുവ ഡിപ്പോയിൽ നിന്നും നടത്തി വരുന്നുണ്ട്.

**(ഇ)** പ്രസ്തുത കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**